ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ നിലവിൽ 2 ഔഷധ പരിശോധനാ ലബോറട്ടറികളാണുള്ളത്. അവ തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയാണ്.

(ബി) ഇല്ല. കേന്ദ്ര നിയമത്തിലെ ഷെഡ്യൂൾ എം (Good Manufacturing Practices) പ്രകാരം ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനികളിൽ നിർമ്മിക്കുന്ന മരുന്നുകൾ ഓരോ ബാച്ചും തീവ്രമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് വിൽപ്പനയ്ക്കായി വിപണിയിൽ എത്തിക്കുന്നത്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ വിപണിയിൽ എത്തുന്ന മരുന്നുകൾ പരിശോധനയ്ക്കായി എടുക്കാറുണ്ട്.

(സി) കഴിഞ്ഞ 12 മാസത്തിനിടെ 129 മരുന്നുകൾ, ഗുണനിലവാരമില്ലാത്തതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മരുന്നുകളുടെ വിൽപ്പന, ഡ്രഗ്സ് കൺട്രോൾ വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ തടയുകയും മരുന്ന് നിർമ്മാതാക്കൾക്കെതിരെ പ്രോസിക്യൂഷൻ/വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

ഔഷധ സംഭരണത്തിന്റെ ചെലവ്

121 (4407) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ഔഷധ സംഭരണത്തിന് ചെലവാക്കിയ തുകയെത്രയാണ്;

(ബി) സർജിക്കൽ ഉപകരണങ്ങളും എക്സ്-റേ മെഷീനുകളും സ്കാനറുകളും മറ്റും സ്ഥാപിക്കാൻ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം ഔഷധ സംഭരണത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഇതുവരെ 137.76 കോടി രൂപ ചെലവായി.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly